"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നതവിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം-ജീവനക്കാര്യം-സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സിവിൽ, ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ് വകുപ്പ് മേധാവി തസ്തികകൾ ലക്ച്ചറർ തസ്തികയായി താൽക്കാലികമായി തരം താഴ്ത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.181/2026/HEDN തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:- 1. 08.06.2021 തീയതിയിലെ സ.ഉ(കൈ) നം 13/2021/ഉ.ഭ.പ. വ.

2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 07.03.2026 തീയതിയിലെ EC5/31064/22/DTE (EC) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകളിൽ നിയമനത്തിന് മതിയായ യോഗ്യതയുള്ള ലക്ച്ചറർമാരുടെ അഭാവത്തിൽ ഒഴിഞ്ഞു കിടക്കുന്ന സിവിൽ, ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ് വിഭാഗങ്ങളിലെ വകുപ്പ് മേധാവി തസ്തികകൾ ലക്ച്ചറർ തസ്തികകളായി താൽക്കാലികമായി തരം താഴ്ത്തി ലക്ച്ചറർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകണമെന്ന് ബന്ധപ്പെട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2. വകുപ്പിന് കീഴിലുള്ള പോളിടെക്നിക്ക് കോളേജുകളിൽ സിവിൽ എൻജിനിയറിങ് വിഭാഗത്തിൽ അനുവദിക്കപ്പെട്ട വകുപ്പ് മേധാവിമാരുടെ 19 തസ്തികകളിൽ 13 എണ്ണവും ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ അനുവദിക്കപ്പെട്ട 4 തസ്തികകളിൽ ഒരെണ്ണവും ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും, എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങൾ പ്രകാരം പ്രസ്തുത ഒഴിവുകളിലേക്ക് നിയമിക്കുന്നതിന് യോഗ്യത നേടിയ ജീവനക്കാർ വകുപ്പിൽ നിലവിലില്ല എന്നതിനാൽ ടി തസ്തികകളെ ലക്ചറർ തസ്തികകളായി താൽക്കാലികമായി തരംതാഴ്ത്തി അപ്രകാരം ഉണ്ടാകുന്ന ഒഴിവുകൾ PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ് എന്നും പരാമർശം (2) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിന്റെ വെളിച്ചത്തിൽ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്ത പ്രകാരം സ്ഥാനക്കയറ്റത്തിന് മതിയായ യോഗ്യതയുള്ള ലക്ചറർമാരുടെ അഭാവത്തിൽ സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ ഒഴിഞ്ഞു കിടക്കുന്ന 13 സിവിൽ എഞ്ചിനിയറിംഗ് വകുപ്പ് മേധാവി തസ്തികകളും ഒരു ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ് വകുപ്പ് മേധാവി

തസ്തികയും ലക്ച്ചറർ തസ്തികകളായി താൽക്കാലികമായി തരം താഴ്ത്തി അപ്രകാരം ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

4. വകുപ്പ് മേധാവി തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് യോഗ്യരായ ജീവനക്കാർ ഉണ്ടാകുന്ന മുറയ്ക്ക് ടി തസ്തികകളെ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്. തരം താഴ്ത്തപ്പെട്ട വകുപ്പ് മേധാവി തസ്തികകളിലേക്ക് നിയമനം നടക്കുന്ന മുറയ്ക്ക് ടി തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്ന ക്രമത്തിൽ മാത്രമേ ടി തസ്തികകളിൽ ലക്ച്ചറർ നിയമനം ലഭിച്ച ഉദ്യോഗാർഥികൾക്ക് സ്ഥലം മാറ്റം അനുവദിക്കേണ്ടതുള്ളൂ. ഇത് സംബന്ധിച്ച വിവരങ്ങൾ സ്പാർക്കിൽ യഥാസമയം അപ്ഡേറ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്. വകുപ്പ് മേധാവി തസ്തികകൾ അപ്ഗ്രേഡ് ചെയ്യുമ്പോഴും, ടി തസ്തികകളിൽ നിയമനം ലഭിച്ച ലക്ച്ചറർമാരുടെ നിയമനം ക്രമീകരിക്കുമ്പോഴും, സ്ഥലമാറ്റത്തിനായി പരിഗണിക്കുമ്പോഴും, ആവശ്യമെങ്കിൽ, ലക്ച്ചറർമാരായി നിയമനം ലഭിക്കുന്ന ഉദ്യോഗാർഥികളുടെ അഡ്വൈസ് സീനിയോറിറ്റി പരിഗണിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് എം
ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) ,കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, കോട്ടയം.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (08.06.202 തീയതിയിലെ സ.ഉ(കൈ) നം 13. 20217
ഉ.ഭ.പ. വ ഉത്തരവ് പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകപ്പ്(വെബ്&ന്യൂമീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക്ഫയൽ./ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Geetha Lekshmi. G
Date: 11-03-2026 21:48:58

സെക്ഷൻ ഓഫീസർ